# SABMPUP SCHOOL VIDYAGIRI

Perdala P. O, Kasaragod



# ACADEMIC MASTER PLAN

## 2025 - 2026

സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി വർഷം

# S A B M P U P S VIDYAGIRI

## സമഗ്രഗുണമേന്മ വിദ്യാഭ്യാസപദ്ധതി വർഷം

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

| | |
|---|---|
| NAME OF SCHOOL | SABMPUPS, VIDYAGIRI |
| NAME OF VILLAGE/WARD | VIDYAGIRI |
| NAME OF PANCHAYATH | BADIADKA |
| NAME OF BLOCK | KASARAGOD |
| NAME OF DISTRICT | KASARAGOD |
| HEADMASTER | MANJUNATHA .B |
| PHONE NO. | 9048140246 |
| SENIOR TEACHER | ANITHA P |
| PHONE NO. | 7306252355 |
| S.R.G CONVENORS | BIJITHA K. SWETHA K |
| FEEDING SCHOOLS | GJBS KUMBDAJE, ALPS BOLINJA, FALPS NARAMPADY |

# ഉള്ളടക്കം

- ആമുഖം
- പരിമിതികൾ
- പൊതു ലക്ഷ്യങ്ങൾ
- അക്കാദമിക മികവിനായ് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

# ആമുഖം

കാസറഗോഡ് ജില്ലയിലെ ബദിയടുക്ക പഞ്ചായത്തിൽ വാർഡ് 8 ൽ സ്ഥിതി ചെയ്യുന്ന ഗവ: യു.പി. സ്കൂളാണ് SABMPUPS, വിദ്യാഗിരി. പഞ്ചായത്തിന്റെ കീഴിൽ എയിഡഡ് ആയി പ്രവർത്തിച്ചിരുന്ന ഈ സ്കൂൾ ഇപ്പോൾ പൂർണ്ണമായും ഗവണ്മെന്റ് സ്കൂൾ ആണ്. നിലവിൽ മലയാളം,കന്നഡ മാധ്യമങ്ങളിലായി 277 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.

കുമ്പള സബ്ബ് ജില്ലയിൽ ഉൾപ്പെടുന്നതാണ് ഈ സ്കൂൾ. സാധാരണക്കാർ മാത്രം അധിവസിക്കുന്ന ഒരു പ്രദേശമാണ് വിദ്യാഗിരി. ഇവിടെ എത്തുന്ന കുട്ടികൾ ഭൂരിഭാഗവും നിർദ്ധനരാണ്. രക്ഷിതാക്കളുടെ നിരക്ഷരത കുട്ടികളുടെ പഠനത്തെ ബാധിക്കാറുണ്ട്. എങ്കിലും എല്ലാ പരാധീനതകളെയും മറികടന്ന് വിദ്യാലയം മികവിന്റെ പാതയിൽ നീങ്ങി കൊണ്ടിരിക്കുന്നു 13 സ്ഥിരം അധ്യാപകരും 8 ദിവസ വേതനക്കാരും 1 ഓഫീസ് അറ്റൻഡന്റും അടക്കം 22 ജീവനക്കാർ നിലവിൽ ഈ സ്കൂളിൽ ജോലി ചെയ്യുന്നു. കൂടാതെ കായിക പഠനത്തിനായി SSK യിൽ നിന്നും സ്പെഷ്യൽ അധ്യാപകനും സേവനം ചെയ്യുന്നു. ദൂരെ നിന്നും വരുന്ന കുട്ടികൾക്ക് യാത്ര സൗകര്യത്തിനായി ബസ്സ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

LSS,USS പരീക്ഷ സംസ്കൃതം,അറബിക് സ്കോളർഷിപ് പരീക്ഷ എന്നിവയിൽ 2024-25 അധ്യയന വർഷത്തിൽ നമ്മുടെ സ്കൂളിലെ കുട്ടികൾക്ക് ഉന്നത വിജയം ലഭിച്ചു എന്നത് എടുത്ത് പറയേണ്ടതാണ്. പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികൾ മികച്ച വിജയം കൈവരിച്ചിട്ടുണ്ട്. ധാരാളം പരിമിതികൾ ഉള്ള സ്കൂളാണ് എങ്കിലും അധ്യാപകരുടെയും രക്ഷിതാക്കളുടെയും കുട്ടികളുടെയും നിരന്തരമായ ശ്രമഫലമായി എടുത്ത് പറയത്തക്ക നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

ക്ലാസ്സ് മുറികളുടെ അഭാവം പരിഹരിക്കുന്നതിനായി കാസറഗോഡ് വികസന പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി വിപുലമായ സൗകര്യങ്ങളോടുകൂടിയ 8 ക്ലാസ്സ് മുറി അടങ്ങിയ കെട്ടിടം പണി പൂർത്തിയായി 2023 JUNE 1 ന് ഉദ്ഘാടനം ചെയ്തു.5B, 6A, 6B, 6C, 7A, 7B, 7C എന്നീ ക്ലാസ്സ് മുറികളും കമ്പ്യൂട്ടർ ലാബും അവിടെ പ്രവർത്തിക്കുന്നു. IT ലാബിലേക്കുള്ള ഫർണിച്ചറുകൾ പഞ്ചായത്തിൽ നിന്നും ലഭിച്ചു.

കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ ഉച്ചഭക്ഷണപദ്ധതി ഫണ്ടിൽ നിന്നും ലഭിച്ച 8.5 ലക്ഷം രൂപ ഉപയോഗിച്ച് മികച്ച അടുക്കളയും നിർമ്മിച്ചു.അതിന്റെ ഉദ്ഘാടനം 2024 ജനുവരിയിൽ നടന്നു.

പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് സ്കൂളിൽ കുട്ടികൾക്കായി പ്ലേ ഏരിയ നിർമ്മിച്ചു. ഇതിന്റെ ഭാഗമായി മെറി-ഗോ-റൗണ്ട്, സീസോ,ഊഞ്ഞാലുകൾ, സ്ലൈഡറുകൾ എന്നിവ നിർമ്മിച്ചു. ഇതിനെ മികച്ച രീതിയിൽ പരിപാലിച്ച് കുട്ടികൾക്ക് പൂർണ്ണരീതിയിൽ ഉപയോഗിക്കാനുള്ള സൗകര്യമൊരുക്കും.

പി.ഇ.സി.യുടെ ഫണ്ട് ഉപയോഗിച്ച് സ്കൂളിന്റെ കായികമികവിലേക്കായി കായികോപകരണങ്ങൾ ലഭ്യമാക്കിയിരുന്നു. ഇതിൽ ലഭിച്ച ടേബിൾടെന്നീസ് ബോർഡ്, വിക്ടറി സ്റ്റാന്റ്,ഹുലാഹൂപ്പുകൾ,ബോളുകൾ,ഷട്ടിൽ റാക്കറ്റുകൾ തുടങ്ങിയവ കുട്ടികൾക്ക് ലഭ്യമാക്കി കായിക മികവ് കൈവരിക്കാൻ ഊർജ്ജിതമായ ശ്രമം ഉണ്ടാകും.

## പരിമിതികൾ

പുതിയ കെട്ടിടവും അടുക്കളയും ലഭ്യമായെങ്കിലും ചില ക്ലാസ് മുറികൾ ഇപ്പോഴും ശോചനീയാവസ്ഥയിലാണ്. ഡൈനിങ് ഹാൾ ഇനിയും ലഭ്യമായിട്ടില്ല. നല്ലൊരു ചുറ്റു മതിൽ ഇല്ലാത്തതും സ്കൂളിന്റെ പരിമിതിയിൽ പെടുന്നു. ചുറ്റുമതിൽ ഇല്ലാത്തതിനാൽ അടുക്കള തോട്ടം നിർമിക്കാൻ പ്രയാസം നേരിടുന്നു.

സ്കൂളിൽ എത്തുന്ന കുട്ടികളിൽ 90% പേരുടെയും രക്ഷിതാക്കൾ പഠനത്തിൽ കുട്ടികളെ സഹായിക്കാൻ കഴിയാത്തവരാണ്. ഭൂരിഭാഗം കുട്ടികളും മദ്രസ്സ പഠനവും സ്കൂൾ പഠനവും സമാന്തരമായികൊണ്ടുപോകുന്നതിൽ ബുദ്ധിമുട്ടുന്നവരാണ്.
അതിനാൽ തന്നെ ചെറിയൊരു ശതമാനം കുട്ടികളിൽ ഇപ്പോഴും ഗണിതത്തിൽ അടിസ്ഥാനശേഷി ഉറച്ചിട്ടില്ല.അതേ പോലെ തന്നെ ഭാഷയിലും അക്ഷരങ്ങൾ ഉറയ്ക്കാത്തതിനാൽ വായനയിലും എഴുത്തിലും പിന്നോക്കം നിൽക്കുന്ന കുറച്ചു കുട്ടികളും ഉണ്ട്.

ഓരോ ക്ലാസിലെയും കുട്ടികൾക്ക് തൊട്ടു മുമ്പത്തെ ക്ലാസ്സിൽ നേടേണ്ട ശേഷികളെല്ലാം നേടി, ക്ലാസ്സ് കയറ്റം സാധ്യമല്ലാത്തതിനാൽ ഒരോ ക്ലാസ്സിനും പഠന വിടവുണ്ടായിട്ടുണ്ട്. അടിസ്ഥാന ശേഷികൾ നേടാനുതകും വിധത്തിലുള്ള പഠനം ഓരോ ക്ലാസിനും നൽകേണ്ടി വരുന്നു.

## പൊതുലക്ഷ്യങ്ങൾ

- മാതൃഭാഷ അനായാസം കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ട ശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗ്ഗ വാസനകളെ പരിപോഷിപ്പിക്കുക.
- മാതൃ ഭാഷക്ക് പുറമെ ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, അറബി എന്നീ ഭാഷകളിലും പ്രാവീണ്യം നേടുക.
- ചതുഷ് ക്രിയകൾ സ്വായത്തമാക്കാൻ തക്ക പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- ശാസ്ത്ര സർഗാത്മകത, ശാസ്ത്ര മനോഭാവം എന്നിവ വികസിപ്പിക്കുക.
- മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായികക്ഷമത ഉറപ്പാക്കുക.
- എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ട് പഠന പ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗസമത്വം, തുല്യ നീതി ഇവ ഉറപ്പ് വരുത്തുക.
- വായനാപരിപോഷണ പരിപാടികൾ നടത്തുന്നതിലൂടെ ഭാഷ വികസനം സാധ്യമാക്കുക.
- വ്യക്തി ശുചിത്വവും ഒപ്പം പരിസര ശുചിത്വവും ഉറപ്പാക്കുക.
- കൃഷി ഒരു സംസ്കാരമായി കാണുന്നതിന് സഹായകരമായ പ്രവർത്തനങ്ങൾ നടത്തുക.
- കലാ കായിക പ്രവർത്തി പരിചയമേഖലയിൽ പ്രാവീണ്യമുള്ളവരാക്കി മാറ്റുക.
- വ്യക്തിത്വ വികസനം സാധ്യമാകുക.
- പഠനം ആയാസരഹിതവും ആഹ്ലാദകരവുമായ അനുഭവമാക്കിമാറ്റാൻ ICT സാധ്യതകൾ പരമാവധി പ്രയോജനപെടുത്തുക.
- പഠന യാത്രകൾ സംഘടിപ്പിച്ച് കണ്ടും, കേട്ടും, നിരീക്ഷിച്ചും പഠനം ഉറപ്പാക്കുക.
- ലൈബ്രറി വികസനം സാധ്യമാക്കും (ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി).

**അക്കാദമിക മികവിനായി 2025-2026 അധ്യയന വർഷത്തിൽ സ്കൂൾ ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ**

- ഒന്നിച്ചൊന്നായ് മുമ്പോട്ട് - ഒന്നാം തരം
- വിടവുകൾ നികത്തി മുമ്പോട്ട് - രണ്ടാം തരം
- സമഗ്ര വികസനം സാധ്യമാക്കുന്ന - മൂന്നാം തരം
- എല്ലാം നേടി മുമ്പോട്ട് - നാലാം തരം
- അറബിയിലും ഞങ്ങൾ മുൻപിൽ - എൽ.പി. വിഭാഗം
- അടിസ്ഥാന ഭാഷാ ശേഷി വികസനം - യു.പി. വിഭാഗം
- ഈസി ഇംഗ്ലീഷ് - യു.പി. വിഭാഗം
- ഗണിതം മധുരം - യു.പി. വിഭാഗം
- സരൽ ഹിന്ദി - യു.പി. വിഭാഗം
- അധ്യാപക ശാക്തീകരണം - [SRG ]
- കായിക പഠനം
- ലൈബ്രറി ശാക്തീകരണം ശാസ്ത്ര മനോഭാവം
- ക്ലാസ്സ് PTA സജീവമാക്കൽ
- കുട്ടി കർഷകൻ
- ജൈവ പച്ചക്കറി തോട്ടം
- പിന്നോക്കക്കാർക്ക് അധിക പരിശീലനം
- ഫീൽഡ് ട്രിപ്പുകൾ - സജീവം
- ശലഭോദ്യാനം
- പ്രതിഭാ പോഷണ പരിപാടി
- പിറന്നാൾ പുസ്തകം
- മഹദ് വചനങ്ങൾ - ശേഖരണം
- കൗമാര ക്ലാസ്സുകൾ
- ക്ലീൻ സ്കൂൾ
- ഹരിത ക്യാമ്പസ്

സമഗ്ര വികസനം സാധ്യമാക്കുന്ന ഒന്നാം തരം

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നാം തരത്തിലെ എല്ലാ കുട്ടികൾക്കും ബാല സാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക | പറഞ്ഞു കേട്ട കഥകളിലെ ആശയം - ചർച്ച<br>കഥാപുസ്തക വായന - അധ്യാപിക ആശയ ചിത്രീകരണം<br>ചിത്ര കാർഡ് - വായനാ കാർഡ്<br>വായനാ കേളി<br>ക്ലാസ്സ് ലൈബ്രറി | ജൂൺ<br>ജൂൺ- ജൂലൈ<br>ആഗസ്റ്റ്, മാർച്ച്<br>ജൂലൈ | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ |
| സ്വന്തം ആശയം ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുക | ചിത്രങ്ങൾക്ക് അടിക്കുറിപ്പ് എഴുതുന്നു<br>സചിത്ര ബുക്ക്<br>സംയുക്ത ഡയറി<br>ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി കഥ പറയൽ, കഥ വായിക്കൽ | സെപ്റ്റംബർ മുതൽ മാർച്ച് വരെ<br>നവംബർ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ |
| ഗണിത ശേഷികൾ ആർജ്ജിക്കുക | ഗണിത കിറ്റ് - ഗണിത കേളികൾ | ജൂൺ മുതൽ മാർച്ച് വരെ | HM, ക്ലാസ്സ് ടീച്ചർ | ക്ലാസ്സ് ടീച്ചർ<br>PTA |
| ശാരീരിക മാനസിക ഉല്ലാസം സാധ്യമാക്കുക | പാട്ടരങ്ങ് ,മാസം തോറും ക്ലാസ്സ് PTA കുട്ടികളുടെ അവതരണങ്ങൾ.<br>രക്ഷിതാക്കൾക്ക് അവസരം നൽകൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ<br>PTA | |

വിടവുകൾ നികത്തി മുമ്പോട്ട് - രണ്ടാം തരം

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുവാൻ പ്രാപ്തരാക്കുക<br><br>ആശയ ഗ്രഹണ വായന ഉറപ്പാക്കുക | • ചിത്ര കാർഡുകൾ അക്ഷര കാർഡുകൾ ഇവ നിർമ്മിക്കുന്നു. അക്ഷരം തിരിച്ചറിയൽ, വാക്കുകൾ നിർമ്മിക്കൽ<br>• ചിത്ര വായന കഥ പറയൽ, കഥ എഴുതൽ<br>• ഓരോ മാസാവസാനവും ക്ലാസ്സ് PTA<br>• ക്ലാസ്സ് ലൈബ്രറി ശക്തിപ്പെടുത്തുന്നു.<br>• വീട്ടിലൊരു ലൈബ്രറി കളിക്കുടുക്ക, ബാലരമ പോലെയുള്ള ബാല പ്രസിദ്ധീകരണങ്ങൾ ശേഖരിച്ച് വായിക്കാൻ. ഭാഷണത്തിനുള്ള പൊതു വേദി ഒരുക്കൽ | ജൂൺ മുതൽ മാർച്ച് വരെ<br><br>ജൂൺ 19 നോട് അനുബന്ധിച്ച് | ക്ലാസ്സ് ടീച്ചർ<br><br>ക്ലാസ്സ് ടീച്ചർ PTA | ക്ലാസ്സ് ടീച്ചർ<br><br>ക്ലാസ്സ് ടീച്ചർ PTA |
| 100 വരെയുള്ള സംഖ്യാ ബോധം, സംഖ്യാ വ്യാഖ്യാനം | • ഉല്ലാസ ഗണിതം കിറ്റ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>• വീട്ടിലൊരു ഗണിത ലാബ് ഒരുക്കൽ, ഗണിത കേളികളിൽ ഏർപ്പെടൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ PTA | ക്ലാസ്സ് ടീച്ചർ PTA |
| എല്ലാവർക്കും എഴുത്തും വായനയും | • വലിയ അക്ഷരമുള്ള കഥാപുസ്തകം വായനയ്ക്ക് നൽകുന്നു. വായനാനുഭവം പറയിപ്പിക്കുന്നു. ലഘു കുറിപ്പ് എഴുതുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ PTA | ക്ലാസ്സ് ടീച്ചർ PTA |
| Speak ,read, write English | One day one word. Word game | | | |

ഒന്നിച്ചൊന്നായ് മുന്നോട്ട് - മൂന്നാം തരം

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ സർഗാത്മകതയെ വളർത്തുക | ആദ്യ ഘട്ടത്തിൽ കുട്ടികളുടെ താത്പര്യവും അഭിരുചിയും പരിഗണിച്ചുകൊണ്ട് ഇഷ്ട വിഷയങ്ങൾ തിരഞ്ഞെടുത്ത് സ്വന്തം വാചകത്തിൽ ആശയങ്ങൾ പറയുന്നതിന് അവസരം - തുടർന്ന് എഴുത്ത് - പതിപ്പ് നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | ക്ലാസ്സ് ടീച്ചർ |
| സ്വതന്ത്ര വായനക്കാരാക്കുക ഭാഷാ ശേഷി പ്രയാഗിക്കുന്നതിനുള്ള പ്രാപ്തി നേടുക | ഭിന്ന നിലവാരക്കാരെ പരിഗണിച്ചുകൊണ്ട് അക്ഷര കാർഡുകൾ, പദ കാർഡുകൾ, വാക്യ കാർഡുകൾ എന്നിവ നൽകി എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | ക്ലാസ്സ് ടീച്ചർ PTA |
| സാമൂഹിക അവബോധം, സംഘ ബോധം ഇവ വളർത്തുക | സാമൂഹികമായി ഇടപെടലിനിടം ഒരുക്കുന്നു. പൊതു പരിപാടികൾക്ക് കുട്ടികൾക്ക് നേതൃത്വം വഹിക്കാൻ അവസരം - ദിനാഘോഷങ്ങൾ | എല്ലാ മാസങ്ങളിലും | ക്ലാസ്സ് ടീച്ചർ HM | ക്ലാസ്സ് ടീച്ചർ |
| ഗണിത പഠനം രസകരമാക്കുക | ഗണിത വിജയം - പ്രവർത്തനങ്ങൾ നൽകി ഗണിത പഠനം രസകരമാക്കുന്നു | ജൂൺ മുതൽ ഒക്ടോബർ വരെ | ക്ലാസ്സ് ടീച്ചർ | ക്ലാസ്സ് ടീച്ചർ |
| ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ ക്ലാസ്സ് ലൈബ്രറി ഉപയോഗപ്പെടുത്തൽ | ലഘു പരീക്ഷണങ്ങൾ സ്വയം ഏറ്റെടുത്ത് ചെയ്യാൻ അവസരം നൽകുന്നു. പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നതിന് ധാരാളംമാതൃകകൾ നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | ക്ലാസ്സ് ടീച്ചർ |

എല്ലാം നേടി മുമ്പോട്ട് നാലാം തരം

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നക്കാവസ്ഥ പരിഹരിക്കുന്നതിന് | • Pre test<br>• അക്ഷരം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്, പദക്കാർഡ്, വാക്യ നിർമ്മാണം.<br>• ചിഹ്നങ്ങൾ ചേർക്കൽ<br>• കഥ, കവിത ബാക്കി പൂരിപ്പിക്കാൻ വലിയ അക്ഷരങ്ങളുള്ള കഥാ പുസ്തകം നൽകുന്നു | ജൂൺ മുതൽ സെപ്റ്റംബർ വരെ | ക്ലാസ്സ് ടീച്ചർ | ക്ലാസ്സ് ടീച്ചർ |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | • സർഗ്ഗ വേള, ബാല സഭ ശക്തിപ്പെടുത്തുന്നു<br>• പരിസ്ഥിതി ദിനം - വൃക്ഷ തൈ നടൽ<br>• പോസ്റ്റർ തയ്യാറാക്കൽ<br>• പ്ലാസ്റ്റിക് കുപ്പിയുടെ പുനരുപയോഗം<br>• Hanging garden | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | ക്ലാസ്സ് ടീച്ചർ |
| ഗണിത പഠനത്തിൽ അടിസ്ഥാന ശേഷി ഉറപ്പിക്കുക | • ഗണിത വിജയം പ്രവർത്തനങ്ങൾ ചെയ്യുന്നു<br>• ഗണിത കേളികളിൽ ഏർപ്പെടുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | ക്ലാസ്സ് ടീച്ചർ |
| To speak, read and write English without mistake | • One day one word<br>• Self introduction Assembly, speech, Quiz, riddles etc | ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർ | ക്ലാസ്സ് ടീച്ചർ |

**അറബിയിലും ഞങ്ങൾ മുമ്പിൽ** **എൽ. പി വിഭാഗം അറബിക്ക്**

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| വായനയിലും എഴുത്തിലും എല്ലാ കുട്ടികളെയും ഉദ്ദേശിക്കുന്ന നിലവാരത്തിലേക്ക് എത്തിക്കുക | • Pre test - കുട്ടിയെ മനസ്സിലാക്കാൻ ചിത്രം നോക്കി പദം കണ്ടെത്തൽ<br>• ICT സാദ്ധ്യത ഉപയോഗപ്പെടുത്തൽ ചെറു ചോദ്യങ്ങളിലൂടെ ചിത്രം നോക്കി ലഘു വാക്യങ്ങൾ എഴുതൽ - വായിക്കൽ.<br>• പിന്നോക്കക്കാർ ചിത്രം നോക്കി നിറം നൽകുന്നു.<br>• ചിത്ര വായന നടത്തുന്നു.<br>• ആശയങ്ങൾ പറയിക്കുന്നു<br>• ലഘു വാക്യങ്ങളാക്കി എഴുതുന്നു. വായനാ കാർഡ്- പരിചിത പദങ്ങൾ വായിക്കുന്നു<br>• CPTA യിൽ കുട്ടികൾ അറബിയിൽ സ്വയം പരിചയപ്പെടുത്തുന്നു.<br>• വീട്ടിൽ വായന- വീഡിയോ അയക്കാൻ<br>• ഇഷ്ടപ്പെട്ട ചിത്ര രചന- വിവരണം തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അറബിക്ക് അദ്ധ്യാപകൻ<br><br>ക്ലാസ്സ് ടീച്ചർ | |

## അടിസ്ഥാന ഭാഷാ ശേഷി വികസനം UP മലയാളം/കന്നഡ

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ശേഷികൾ നേടുന്നതിന് ഉപോദ്ബലകമായ പ്രവർത്തനങ്ങൾ നൽകി എഴുത്തിലും വായനയിലും എല്ലാ കുട്ടികളെയും മുൻ നിരക്കാരാക്കുക | • Pre test - 5, 6, 7 ക്ലാസ്സുകളിൽ ഗ്രൂപ്പുകളായി തിരിക്കൽ<br>• നിലവാരത്തിനനുസരിച്ചുള്ള വായനാകാർഡുകൾ നൽകി വായിപ്പിക്കുക<br>• വായിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ പറയിക്കുകയും കുട്ടികൾ പറയുന്നവ അധ്യാപിക ബോർഡിൽ എഴുതുകയും ചെയ്യുക. എല്ലാവരെയും കൊണ്ട് വായിപ്പിക്കുക. ക്രമേണ കുട്ടികൾ തനിയെ എഴുതാൻ അവസരം കൊടുക്കുന്ന ഇടപെടലുകൾ നടത്തുന്നു | ജൂൺ മുതൽ സെപ്റ്റംബർ വരെ | മലയാളം/ കന്നഡ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ | |
| സന്ദർഭോചിതമായി സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുക | • വായനാ സാമഗ്രികൾ നൽകുന്നു. വായിച്ചു മനസ്സിലാക്കിയ ആശയങ്ങൾ കുറിക്കുന്നു<br>• ചിത്രങ്ങൾ നൽകി അടിക്കുറിപ്പ് എഴുതൽ<br>• വീഡിയോ കണ്ട കണ്ട കാര്യങ്ങൾ എഴുതുന്നു<br>• കൂട്ടുകാരനെ കുറിച്ച് തന്നെ കുറിച്ച് | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാധ്യാപകർ | |
| വായനയെ പ്രോത്സാഹിപ്പിക്കുക | • കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള വായനാ കാർഡുകൾ തയ്യാറാക്കി നൽകുന്നു<br>• കഥാപുസ്തകങ്ങളിലെ ഇഷ്ടപ്പെട്ട ഭാഗം വായിക്കുന്നു<br>• വായനാ മത്സരം സംഘടിപ്പിക്കുന്നു | ജൂൺ മുതൽ സെപ്റ്റംബർ വരെ | ഭാഷാധ്യാപകർ | അധ്യാപകർ, PTA |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെൻ്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി,മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | JUNE to AUGUST | അക്ഷര ചാർട്ട്<br>പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ............... | September to October | ഹിന്ദി നിഘണ്ടു. | PTA,BRC<br>Resource Teacher |

| | | | | | |
|---|---|---|---|---|---|
| 3 | **ആശയങ്ങൾ തെറ്റുകൂടാതെ** പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

2025/7/11 16:22

2025/7/11 16:22

## അധ്യാപക ശാക്തീകരണം

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| അധ്യാപക ശാക്തീകരണം | ശിൽപ്പശാല - പഠനോപകരണ നിർമ്മാണത്തിനുവേണ്ടി ശില്പശാലകൾ സംഘടിപ്പിക്കും. | ആഗസ്റ്റ് മാസം | BRC<br>ക്ലാസ്സ് അധ്യാപകർ | BRC<br>SRG |
| | എല്ലാ ആഴ്ചയിലും SRG യോഗങ്ങൾ ചേരുകയും പഠന പ്രവർത്തത്തനങ്ങൾ പ്രയോഗ തലത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ മെച്ചപ്പെടുത്തൽ മാർഗ്ഗങ്ങൾ ഇവ കൃത്യതപെടുത്തും | ജൂൺ മുതൽ മാർച്ച് വരെ | എല്ലാ അധ്യാപകർക്കും | എല്ലാ അധ്യാപകരും |

## കായിക പഠനം

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| കായിക ക്ഷമത വർദ്ധിപ്പിക്കുക ഒപ്പം സൈക്ലിങ്ങിൽ സ്വയം പര്യാപ്തരാക്കുക | യു.പി. വിഭാഗത്തിൽ പഠിക്കുന്ന എല്ലാ പേന കുട്ടികൾക്കും<br><br>കായികാധ്യാപകന്റെ നേതൃത്വത്തിൽ സൈക്കിൾ പരിശീലനം നൽകുന്നു | ആഗസ്റ്റ് മുതൽ നവംബർ വരെ | PT അധ്യാപകൻ<br>ക്ലാസ്സ് അധ്യാപകൻ | PTA, SSA |
| | കൂടാതെ കായിക ക്ഷമത ഉറപ്പ വരുത്തുന്നതിനായി മാസ് ഡ്രിൽ, യോഗ, സ്പോർട്സ് പരിശീലനം എന്നിവ ഉൾപ്പെടുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | PT അധ്യാപകൻ<br>ക്ലാസ്സ് അധ്യാപകൻ | PTA |

## അടിസ്ഥാന ഭാഷാ ശേഷി വികസനം UP മലയാളം/കന്നഡ

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ശേഷികൾ നേടുന്നതിന് ഉപോദ്ബലകമായ പ്രവർത്തനങ്ങൾ നൽകി എഴുത്തിലും വായനയിലും എല്ലാ കുട്ടികളെയും മുൻ നിരക്കാരാക്കുക | • Pre test - 5, 6, 7 ക്ലാസ്സുകളിൽ ഗ്രൂപ്പുകളായി തിരിക്കൽ<br>• നിലവാരത്തിനനുസരിച്ചുള്ള വായനാകാർഡുകൾ നൽകി വായിപ്പിക്കുക<br>• വായിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ പറയിക്കുകയും കുട്ടികൾ പറയുന്നവ അധ്യാപിക ബോർഡിൽ എഴുതുകയും ചെയ്യുക. എല്ലാവരെയും കൊണ്ട് വായിപ്പിക്കുക. ക്രമേണ കുട്ടികൾ തനിയെ എഴുതാൻ അവസരം കൊടുക്കുന്ന ഇടപെടലുകൾ നടത്തുന്നു | ജൂൺ മുതൽ സെപ്റ്റംബർ വരെ | മലയാളം/ കന്നഡ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ | |
| സന്ദർഭോചിതമായി സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുക | • വായനാ സാമഗ്രികൾ നൽകുന്നു. വായിച്ചു മനസ്സിലാക്കിയ ആശയങ്ങൾ കുറിക്കുന്നു<br>• ചിത്രങ്ങൾ നൽകി അടിക്കുറിപ്പ് എഴുതൽ<br>• വീഡിയോ കണ്ട് കണ്ട കാര്യങ്ങൾ എഴുതുന്നു<br>• കൂട്ടുകാരനെ കുറിച്ച് തന്നെ കുറിച്ച് | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാധ്യാപകർ | |
| വായനയെ പ്രോത്സാഹിപ്പിക്കുക | • കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള വായനാ കാർഡുകൾ തയ്യാറാക്കി നൽകുന്നു<br>• കഥാപുസ്തകങ്ങളിലെ ഇഷ്ടപ്പെട്ട ഭാഗം വായിക്കുന്നു<br>• വായനാ മത്സരം സംഘടിപ്പിക്കുന്നു | ജൂൺ മുതൽ സെപ്റ്റംബർ വരെ | ഭാഷാധ്യാപകർ | അധ്യാപകർ, PTA |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാ ക്കളെ ബോധവാന്മാരാ ക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങ ളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പി ക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## ശില്പശാല

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| ഒരു കുട്ടിയെ ഒരു യൂണിറ്റായി കണ്ട പഠന പുരോഗതി വിലയിരുത്തുക | ഓരോ ക്ലാസ്സിലേക്കും ഓരോ വിഷയങ്ങൾക്കും ആവശ്യമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നതിനായി ക്ലാസ്സ് അധ്യാപകരും വിഷയാധ്യാപകരും, പ്രാദേശിക സബ്ജക്ട് വിദഗ്ധരും ചേർന്ന് ക്ലാസ്സുകൾ തിരിച്ച് പഠന നേട്ടങ്ങൾക്കനുസരണമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു | ഓരോ ടേമിലും ഓരോ ദിവസം | ക്ലാസ്സ് അധ്യാപകർ<br>സബ്ജക്ട് വിദഗ്ധർ<br>BRC പ്രതിനിധികൾ | PTA, BRC |
| വായനാ പരിപോഷണം | കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾ നൽകുന്നു<br>വായനാ കുറിപ്പ് എഴുത്ത്<br>വായനാ മത്സരങ്ങൾ കുട്ടികൾക്കൊപ്പം അമ്മമാർക്കും വായനാ സാമഗ്രികൾ നൽകൽ<br>ക്ലാസ്സ് PTA യിൽ അവതരണം | ജൂൺ മുതൽ<br>മാസത്തിലൊരിക്കൽ | ക്ലാസ്സ് അധ്യാപകർ<br>HM, CPTA | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല – അക്കാദമികം (UP) ഉപമേഖല: സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

## ടാലന്റ് ലാബ്

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ വിവിധങ്ങളായ നൈപുണ്യങ്ങൾ വികാസിപ്പിക്കുക | ആകാശവാണി, മെഗാ ക്വിസ്സ് ദിവസവും 5 വീതം ചോദ്യങ്ങൾ നൽകുന്നു. ആഴ്ചയിൽ 25 ചോദ്യങ്ങൾ എന്ന രീതിയിൽ മാസാവസാനം ക്വിസ്സ് മത്സരം നടത്തുന്നു.വിജയിക്ക് സമ്മാനം നൽകുന്നു. വർഷാവസാനം എല്ലാ മാസങ്ങളിലും നടത്തിയ മത്സര വിജയികളെ ചേർത്ത് മെഗാ ക്വിസ്സ് നടത്തുന്നു | ജൂലൈ മുതൽ മാർച്ച് വരെ | ഓരോ ക്ലാസ്സ് അധ്യാപകർക്കും - | PTA, SSK |
| | LSS, USS പരീക്ഷകൾക്ക് പ്രതിഭാശാലികളായ കുട്ടികൾക്ക് വേണ്ട പരിശീലനം നൽകുന്നു | ആഗസ്റ്റ് മുതൽ മാർച്ച് വരെ | നാലാം ക്ലാസ്സ് ഏഴാം ക്ലാസ്സ് അധ്യാപകർ - [യു.പിയിൽ എല്ലാ വിഷയാധ്യാപകരും] | PTA, |

| | | | | |
|---|---|---|---|---|
| സ്വന്തം ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിയുക | • കൊച്ചു വാക്കുകൾ വാക്യങ്ങൾ ആശയങ്ങൾ ഈ ക്രമത്തിൽ വായിച്ചും, ·വായിച്ചവ എഴുതിയും പ്രകടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാധ്യാപകർ | അധ്യാപകർ, PTA |
| കുട്ടികളുടെ മികവുകൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തി കൊടുക്കുക | • എല്ലാ മാസത്തിന്റെയും അവസാന പ്രവർത്തി ദിനത്തിൽ ക്ലാസ്സ് PTA വിളിക്കുകയും കുട്ടികളുടെ നേതൃത്വത്തിൽ നടത്തുകയും അവരുടെ പ്രകടനങ്ങൾ രക്ഷിതാക്കൾക്ക് കാണിച്ച് കൊടുക്കുകയും ചെയ്യുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാധ്യാപകർ, ക്ലാസ്സ് അധ്യാപകർ, HM | PTA |

2025/7/11 16:22

**ഒന്നിച്ചൊന്നായ് ക്ലാസ് PTA**

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| അധ്യാപക രക്ഷാകർത്തൃ ബന്ധം ശക്തിപ്പെടുത്തുക | വാട്ട്സ് ആപ്പ് കൂട്ടായ്മകൾ രൂപീകരിക്കുന്നു. ഫോണിലൂടെ രക്ഷിതാക്കളുമായി പഠന പിന്തുണ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപകർ | ക്ലാസ്സ് അധ്യാപിക |
| | എല്ലാ മാസത്തിന്റെയും അവസാന പ്രവർത്തി ദിനത്തിൽ ക്ലാസ്സ് PTA യോഗം ചേരുകയും കുട്ടികളുടെ പഠന നില ബോധ്യപ്പെടുത്തുകയും തുടർ പ്രവർത്തനങ്ങൾക്കാവശ്യമായ പിന്തുണ നൽകേണ്ടത് എങ്ങിനെ എന്ന് ബോധ്യപ്പെടുത്തുകയും ചെയ്യുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപകർ, രക്ഷിതാക്കൾ | ക്ലാസ്സ് അധ്യാപിക |

**കുട്ടികർഷകർ**

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുക | സ്കൂൾ കോമ്പൗണ്ടിൽ നിശ്ചിത സ്ഥലം പച്ചക്കറി കൃഷിക്കായി തിരഞ്ഞെടുക്കുന്നു നിലം ഒരുക്കുന്നു ചുറ്റും പരിസ്ഥിതി ദിനത്തിൽ പപ്പായ തൈകൾ ഓരോ ക്ലാസിലേക്കു കുട്ടികൾ 5 വീതം നട്ട് പരിപാലിക്കുന്നു | ജൂൺ മുതൽ | ഓരോ ക്ലാസ്സിനും | SSK, PTA |
| കലർപ്പില്ലാത്ത പച്ചക്കറി വിഭവങ്ങൾ ഉച്ചഭക്ഷണത്തിന്നായി ലഭ്യമാക്കുക | ഒരുക്കിയ നിലത്ത് വെണ്ട, വഴുതിന തക്കാളി, വെള്ളരി എന്നിവ നട്ട് വളർത്തി പരിപോഷിപ്പിക്കുന്നു. കൃഷി പരിപാലനത്തിനുള്ള ചുമതല എല്ലാ ക്ലാസിലെയും കുട്ടികൾക്കും അധ്യാപകർക്കും | ജൂൺ മുതൽ | ഓരോ ക്ലാസ്സിനും | ക്ലാസ്സ് അധ്യാപകർ |

**അടിസ്ഥാന ശേഷി വികസന പരിപാടികൾ**

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും അടിസ്ഥാന ശേഷികൾ തേടി എന്ന ഉറപ്പ് വരുത്തുക | പ്രീ ടെസ്റ്റ് നടത്തി ഓരോ ക്ലാസിലെയും കുട്ടികളുടെ നിലവിലെ അവസ്ഥ മനസ്സിലാക്കി ഗ്രൂപ്പുകളാക്കുന്നു | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ഓരോ ക്ലാസ്സ് അധ്യാപകർക്കും - യു.പിയിൽ എല്ലാ അധ്യാപകർക്കും | |
| | വായന എഴുത്ത് ഇവയിൽ പിന്നിൽ നിൽക്കുന്ന കുട്ടികളെ ഒരു ഗ്രൂപ്പാകുന്നു. | | | |
| | രാവിലെ 9 മാണി മുതൽ ഒരു ബാച്ചിനും വൈകീട്ട് 3. 30 മൂത്ത രണ്ടാമത്തെ ബാച്ചിനും വായനാ പ്രവർത്തനങ്ങൾ നൽകുന്നു.[വായനാ കാർഡുകൾ] തീരെ വായിക്കാൻ കഴിയാത്ത കുട്ടികൾക്ക് പദ കാർഡുകൾ നിർമ്മിച്ച് നൽകി വായനക്ക് സഹായിക്കുന്നു | | | |
| | വായനയോടൊപ്പം എഴുത്തും വായിക്കുന്ന കാര്യങ്ങളും കേൾക്കുന്ന കാര്യങ്ങളും എഴുതാനാവസരം | | | |
| | വർക്ക് ഷീറ്റുകൾ നൽകി വിലയിരുത്തുന്നു | | ഓരോ ക്ലാസ്സ് അധ്യാപകർക്കും - യു.പിയിൽ എല്ലാ അധ്യാപകർക്കും | |
| | | സെപ്റ്റംബർ മുതൽ | | PTA, അധ്യാപകർ |
| | | ഫെബ്രുവരി മാർച്ച് | | |

2025/7/11 16:22

**ലൈബ്രറി ശാക്തീകരണം**

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലും അമ്മമാരിലും വായനാശീലം വളർത്തുക | • സ്കൂൾ ലൈബ്രറിയും ക്ലാസ്സ് ലൈബ്രറിയും സജ്ജീകരിക്കുന്നു<br>• ക്ലാസ്സ് ലൈബ്രറിയിലേക്കാവശ്യമായ പുസ്തകങ്ങൾ പിറന്നാൾ പദ്ധതിയിലൂടെ സമാഹരിക്കുന്നു.<br>• 15 ദിവസത്തിലൊരിക്കൽ കുട്ടികൾക്ക് പുസ്തകം നൽകുന്നു.<br>• മാസത്തിലൊരിക്കൽ അമ്മമാർക്ക് പുസ്തകം.<br>• അമ്മ വായന - മത്സരം നടത്തുന്നു | 2022-2023 | SRG, PTA | വിദ്യാഭ്യാസ വകുപ്പ് |
| ലേഖനത്തിൽ താത്പര്യം വളർത്തുക | **എഴുത്ത് പുര:** കഥ കവിത ലേഖനം ഇവയെഴുതി ബോക്സിൽ നിക്ഷേപിക്കുന്നു. ഉത്പ്പന്നങ്ങൾ ശേഖരിച്ച് എഡിറ്റ് ചെയ്ത് മാഗസിനാക്കുന്നു | 2022-2023 | SRG, PTA | |

## ക്ളീൻ സ്കൂൾ

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുക | ഓരോ ക്ലാസ്സിലും കുട്ടികളെ 5 ഗ്രൂപ്പുകളാക്കുന്നു.<br><br>ഓരോ ഗ്രൂപ്പിനും ഓരോ ദിവസത്തെ ശുചീകരണ പ്രവൃത്തികൾ നൽകുന്നു<br><br>അധ്യാപകരെയും 5 ഗ്രൂപ്പുകളാക്കി കുട്ടികളോടൊപ്പം ചേർക്കുന്നു<br><br>എല്ലാ ദിവസവും ക്ലാസ്സും സ്കൂളും പരിസരവുമെല്ലാം അധ്യാപകരുടെ നേതൃത്ത്വത്തിൽ കുട്ടികൾ ശുചിയാക്കുന്നു<br>FRIDAY 'DRYDAY' ആയും ആചരിക്കുന്നു. | ജൂൺ മുതൽ മുതൽ മാർച്ച് വരെ[തുടർന്നും] | ചാർജ്ജ് വഹിക്കുന്ന എല്ലാ അധ്യാപകരും | അധ്യാപകർ |
| കൗമാര ക്ലാസ്സുകൾ കൗമാര ദശയിൽ ഓരോ കുട്ടിയിലും ഉണ്ടാകുന്ന ശാരീരികവും മാനസികവുമായ വ്യതിയാനങ്ങൾ മനസ്സിലാക്കി കൊടുക്കുക | UP വിഭാഗത്തിലെ ആണ് കുട്ടികളെയും പെൺകുട്ടികളെയും ഗ്രൂപ്പുകളാക്കുന്നു. പ്രശ്നങ്ങൾ മനസിലാക്കുന്നു. പ്രശ്ന പരിഹാരത്തിനനുയോജ്യമായ ക്ലാസ്സുകൾ നടത്തുന്നു | ആഗസ്റ്റ് മാസം | UP വിഭാഗം അധ്യാപകർ | PTA |

2025/7/11 16:23

**മറ്റ് പ്രവർത്തനങ്ങൾ**

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനോപകാരണങ്ങളുടെ നിർമ്മാണവും, ഉപയോഗ ക്രമവും ബോധ്യപ്പെടുക | ഗണിത പഠനത്തിന് സഹായകരമാകന്ന വിവിധങ്ങളായ പഠനോപകരണങ്ങൾ അധ്യാപകരും രക്ഷിതാക്കളും ചേർന്ന് ഉണ്ടാക്കുകയും അവയുടെ ഉപായോഗ ക്രമം രക്ഷിതാക്കൾക്ക് മനസ്സിലാക്കികൊടുക്കുകയും ചെയ്യുന്നു. | ജൂലൈ, ആഗസ്റ്റ് മാസങ്ങൾ | ഗണിതാധ്യാപക BRC പ്രതിനിധികൾ | BRC അധ്യാപകർ |
| കട്ടി കർഷകർ കട്ടികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക | ഓരോ ക്ലാസ്സിനും തനതായി പപ്പായ മരങ്ങൾ നട്ട് സംരക്ഷിക്കാനുള്ള തീരുമാന പ്രകാരം പരിസ്ഥിതി ദിനത്തിൽ പച്ചക്കറി തോട്ടത്തിന്റെ അരികിൽ ഓരോ ക്ലാസിലെയും കട്ടികൾ പപ്പായ തൈ നട്ടു പിടിപ്പിച്ചു മുന്നോട്ടുള്ള പരിപാലനം ക്ലാസ്സിലെ കട്ടികൾ ഏറ്റെടുത്ത് നടത്തുന്നതാണ് | ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകർ | അധ്യാപകർ PTA |
| ടാലന്റ് ലാബ് പ്രതിഭാ ശാലികളുടെ നൈപുണ്യ വികസനം | പ്രതിഭാ ശാലികളായ കട്ടികൾക്ക് വേണ്ടി LSS, USS പരിശീലനം നൽകുന്നു. പഠനത്തിന് പുറമെ കട്ടികളെ താത്പര്യാനുസരണം വിവിധ പ്രവർത്തനങ്ങൾ | ജൂലൈ മുതൽ മാർച്ച് വരെ | വിഷയാധ്യാപകർ, ക്ലാസ്സ് അധ്യാപകർ | PTA |

## ശലഭോദ്യാനം

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ കോമ്പൗണ്ട് ഹരിതാഭവും മനോഹരവുമാക്കുക | ക്ലാസ്സുകളുടെ മുൻഭാഗം ഉദ്യാന നിർമ്മാണത്തിനായി തിരഞ്ഞെടുക്കുന്നു | ജൂൺ മുതൽ | ക്ലാസ്സ് അധ്യാപകർ | SSK |
| വാസനയെ പോഷിപ്പിക്കുക | ഓരോ ക്ലാസ്സിനും ചുറ്റുപാട് വൃത്തിയും മനോഹരവുമാക്കാനായി ചെടികൾ നട്ട് പരിപാലിക്കുന്നു. മണ്ണില്ലാത്തിടത്ത് ചെടിച്ചട്ടികളും കുപ്പിയിൽ ചെടി വളർത്തിയും ആകർഷകമാക്കുന്നു | ആഗസ്റ്റ് മുതൽ | ക്ലാസ്സ് അധ്യാപകർ, കുട്ടികൾ, PTA | PTA |
| പ്ലാസ്റ്റിക് കുപ്പികളുടെ പുനരുപയോഗ സാധ്യതകൾ മനസ്സിലാക്കുക | ഉപയോഗ ശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികൾ ഉപയോഗപ്പെടുത്തി ഹാങ്ങിങ് ഗാർഡൻ നിർമ്മിക്കുന്നു. പരിപാലിക്കുന്നു. | ആഗസ്റ്റ് മുതൽ | ക്ലാസ്സ് അധ്യാപകർ, കുട്ടികൾ | |

ശാസ്ത്ര മനോഭാവം വളർത്തൽ

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കും | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകി പഠനം വിലയിരുത്തൽ - തുടർ പ്രവർത്തനങ്ങൾ നൽകൽ<br>• ശിൽപ്പശാല സംഘടിപ്പിക്കൽ | ഓരോ ടേമിലും | ശാസ്ത്രാധ്യാപകൻ<br>ശാസ്ത്ര വിദഗ്ധൻ | വിദ്യാഭ്യാസ വകുപ്പ് |
| പരീക്ഷണം ചെയ്യൽ കുറിപ്പെഴുതൽ ധാരണ കൈവരിക്കും | • ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലെ ശ്രദ്ധ<br>• പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ<br>• ശാസ്ത്ര വിദഗ്ധന്റെ നിർദ്ദേശങ്ങൾ കേൾക്കൽ- പരീക്ഷണം ചെയ്യൽ | ഓരോ യൂണിറ്റിലും<br>ടീമിൽ ഒന്ന് വീതം | ശാസ്ത്രാധ്യാപകൻ | |
| ലാബ് ശാക്തീകരണം | • പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്യൽ<br>• സാമഗ്രികൾ ഒരുക്കൽ<br>• ക്രമീകരിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്രാധ്യാപകൻ | വിദ്യാഭ്യാസ വകുപ്പ് |